കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY 12 | 2018 |
|---|---|

**ശബരിമല പത്രക്കുറിപ്പ്-1**



മീഡിയ സെന്റർ ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidanam2018@gmail.com

---

## 13, 14, 15 തിയ്യതികളിൽ മകരവിളക്കിന് വർച്വൽക്യൂ ഇല്ല

ശബരിമല: മകരവിളക്ക് തീർഥാടക പ്രവാഹം കണക്കിലെടുത്ത് വർച്വൽ ക്യൂ(സാങ്കൽപ്പിക നിര) പോലീസ് അവസാനിപ്പിച്ചു. അപ്രതീക്ഷിത തിരക്ക് ഉ ാകുമ്പോൾ നിരയിലെത്തുന്ന തീർത്ഥാടകരുടെ മുൻഗണനാക്രമം തെറ്റാതിരിക്കാനാണ് പോലീസിന്റെ ഈ നടപടി. ഇക്കുറി ഇതുവരെ 13,27,835 പേർ വെർച്വൽ ക്യൂ സംവിധാനം വഴി ബുക്ക് ചെയ്തു. അതിൽ 8,74,540 പേർ ദർശനം നടത്തി. 16,17,18,19 തിയ്യതികളിൽ ശരാശരി 15,000 പേരുടെ വർച്വൽ ക്യൂ രജിസ്ട്രേഷനാണ് പ്രതീക്ഷിക്കുന്നത്.

(പി.ആർ. ശബരി 444)

## മകരജ്യോതി ദർശനം അനുവദനീയസ്ഥലങ്ങളിൽ മാത്രം

ശബരിമല: സന്നിധാനത്തും പരിസരത്തും മകരജ്യോതി ദർശനത്തിന് പുതിയ സുരക്ഷിതകേന്ദ്രങ്ങൾ ഒരുക്കി. കഴിഞ്ഞവർഷം മകരജ്യോതി ദർശനത്തിന് സൗകര്യമു ായിരുന്ന ചിലസ്ഥലങ്ങളിൽ പുതിയ നിർമ്മിതികൾ ഉ ായ സാഹചര്യത്തിലാണിത്. പാ ിത്താവളം ദർശനം കോംപ്ലക്സ് പരിസരത്ത് പകരം സ്ഥലം ക ത്തി. ദർശനം കോംപ്ലക്സിന്റെ വടക്കും തെക്കും ഭാഗത്തെ തടസ്സംനീക്കി വാട്ടർ ടാങ്കിന് സമീപത്തും പുതിയ വ്യൂ പോയിന്റ് ക െ ത്തി. പുതിയ അന്നദാനമണ്ഡപത്തിന്റെ താഴെയും ജ്യോതി കാണാൻ

സൗകര്യമൊരുക്കും. നിര്‍മ്മാണം പുരോഗമിക്കുന്ന സ്ഥലങ്ങളില്‍ ബാരിക്കേഡ് സ്ഥാപിച്ചിട്ടു ്. കൂട്ടിയിട്ടിരിക്കുന്ന നിര്‍മ്മാണ സാമഗ്രികളുടെ മുകളില്‍ കയറുന്നത് അപകടകരമാണ്. ബാരിക്കേഡ് മറികടക്കാനോ പോലീസിന്റെ നിര്‍ദേശങ്ങള്‍ അവഗണിക്കാനോ പാടില്ല. പോലീസിന്റെ നിര്‍ദേശങ്ങള്‍ അനുസരിക്കണം. സുരക്ഷാ ഉപകരണങ്ങളുടെ വൈദ്യുതിബന്ധം, പരസ്പരബന്ധം എന്നിവ തടസ്സപ്പെടുത്തുന്ന വിധത്തിലുള്ള ഇടപെടലുകള്‍ തീര്‍ത്ഥാടകരുടെ ഭാഗത്തുനിന്നും ഉ ാകരുതെന്നും പോലീസ് അഭ്യര്‍ത്ഥിച്ചു. മൊബൈല്‍ കണക്ടിവിറ്റി ഉറപ്പാക്കുന്നതിന് റേഞ്ചില്ലാത്ത ഇടങ്ങളില്‍ താല്‍ക്കാലിക ടവര്‍ സ്ഥാപിച്ചിട്ടു ്. കൂട്ടം തെറ്റിയവര്‍ക്ക് മൊബൈല്‍ഫോണിലൂടെ സംഘാംഗങ്ങളുമായി ബന്ധപ്പെടാന്‍ കഴിയുന്നില്ലെങ്കില്‍ നിന്നിടത്തുനിന്ന് അല്‍പ്പംമാറി വീ ും ശ്രമിക്കുകയോ, തൊട്ടടുത്തുള്ള സുരക്ഷാ ഉദ്യോഗസ്ഥരുടെ സഹായംതേടുകയോ ചെയ്യാം. കുട്ടികള്‍ കൂട്ടം വിട്ടുപോകാതെ പ്രത്യേകം ശ്രദ്ധിക്കണം. കാനനപാത മറികടന്ന് മകരജ്യോതി ദര്‍ശനത്തിന് കാട്ടിലേയ്ക്കിറങ്ങുന്നത് ഇഴജന്തുക്കളുടെ ഉപദ്രവത്തിന് കാരണമാകും. വിഷച്ചെടികളുടെ സ്പര്‍ശം ശാരീരിക അസ്വാസ്ഥതകള്‍ക്ക് വരുത്താതെ പ്രത്യേകം ശ്രദ്ധിക്കണമെന്നും വനംവകുപ്പ് മുന്നറിയിപ്പ് നല്‍കി.

പ്രഥമ ശുശ്രൂഷാ സൗകര്യങ്ങള്‍ വിവിധകേന്ദ്രങ്ങളില്‍ ഒരുക്കിയിട്ടു ങ്കിലും തിരക്കിനിടയില്‍ രോഗിയെ ശുശ്രൂഷാ കേന്ദ്രത്തിലെത്തിക്കുന്നത് ശ്രമകരമാണ്. തീര്‍ത്ഥാടകര്‍ കൈയ്യില്‍ വെളിച്ചമില്ലാതെ മുന്‍പേ പോയവരെ അനുഗമിച്ച് ഇരുളിലേയ്ക്ക് കയററുതെന്ന് ആരോഗ്യവകുപ്പും മുന്നറിയിപ്പ് നല്‍കിയിട്ടു ്.

അധിക വെളിച്ചമൊരുക്കുന്നതിന് വൈദ്യുതിവകുപ്പ് താല്‍ക്കാലിക കേബിളുകള്‍ സ്ഥാപിച്ചിട്ടു ്. വൈദ്യുതി കേബിളുകളില്‍നിന്ന് അപകടമു ാകാതെയും കേബിളുകള്‍ മുറിഞ്ഞ് വൈദ്യുതി വിതരണത്തില്‍ തടസ്സം വരുത്താതെയും ശ്രദ്ധിക്കണം. വൈദ്യുതി തടസ്സം ആശങ്കവര്‍ധിപ്പിച്ച് ഉ ാക്കാനിടയുള്ള തിക്കിലും തിരക്കിലും അപകടസാധ്യത കൂട്ടാമെന്നും കെ.എസ്.ഇ.ബി. അറിയിച്ചു.

സുരക്ഷാപ്രവര്‍ത്തകരുടെ നിര്‍ദേശങ്ങള്‍ പാലിക്കുകയും സഞ്ചാരപാത മറികടക്കാതെയുമിരുന്നാല്‍ സുരക്ഷിതമായ മകരജ്യോതി ദര്‍ശനത്തിനുള്ള പഴുതടച്ചുള്ള സംവിധാനമാണ് ബോര്‍ഡ് ഒരുക്കിയിട്ടുള്ളതെന്ന് ദേവസ്വം സുരക്ഷാ അധികൃതര്‍ അറിയിച്ചു.

(പി.ആര്‍. ശബരി 445)

## വകുപ്പുകളുടെ ഏകോപനം ഉറപ്പുവരുത്തണം: മുഖ്യമന്ത്രി

ശബരിമല: മകരവിളക്ക് മഹോത്സവം കുറ്റമറ്റതാക്കാന്‍ ശബരിമലയില്‍ വിവിധവകുപ്പുകളുടെ ഏകോപനം ഉറപ്പുവരുത്തണമെന്ന് മുഖ്യമന്ത്രി പിണറായി വിജയന്‍. വിവിധസംസ്ഥാനങ്ങളില്‍ നിന്നെത്തുന്ന തീര്‍ത്ഥാടകര്‍ക്ക് സുരക്ഷിതമായി മകരവിളക്ക് തൊഴാന്‍ സൗകര്യമൊരുക്കണം. അയ്യപ്പ•ാരുടെ സുഗ

മമായ മലകയറ്റത്തിന് വ്യത്യസ്ത സേനാവിഭാഗങ്ങളെ ഏകോപിപ്പിച്ച് പോലീസ് മതിയായ സംവിധാനമൊരുക്കണം. ദർശനത്തിനായി പമ്പമുതൽ സന്നിധാനംവരെ മണിക്കൂറുകൾ ക്യൂ നിൽക്കേ സാഹചര്യം ഒഴിവാക്കണം. പോലീസിന്റെ അവസരോചിതവും കാര്യക്ഷമവുമായ ഇടപെടൽ ഇക്കാര്യത്തിൽ ഉ ാവണം. ഭിന്നശേഷിക്കാർ, വൃദ്ധർ, ശാരീരിക വൈഷമ്യമുള്ളവർ എന്നിവർക്ക് തീർത്ഥാടനപാതയിൽ പ്രത്യേക സൗകര്യമൊരുക്കാൻ ശ്രദ്ധിക്കണമെന്നും മുഖ്യമന്ത്രി ഓർമ്മിപ്പിച്ചു.

മകരജ്യോതി ദർശനത്തിന് സൗകര്യപ്രദമായ കൂടുതൽ ഇടങ്ങൾ ഇക്കുറി സജ്ജമാക്കിയിട്ടു ്. ഇവിടങ്ങളിൽ താത്ക്കാലിക വിശ്രമസംവിധാനങ്ങൾ ഒരുക്കി കാത്തിരിക്കുന്ന ഭക്തർ സുരക്ഷയ്ക്കായി പോലീസ് മുന്നോട്ടുവെയ്ക്കുന്ന നിർദേശങ്ങൾ അനുസരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. തിരക്ക് ക്രമാതീതമാവുകയാണെങ്കിൽ ദർശനത്തിന് കൂടുതൽ സമയം അനുവദിക്കാനാകുമോയെന്ന് പരിശോധിക്കാൻ ദേവസ്വം ബോർഡിനോട് ആവശ്യപ്പെട്ടിട്ടു ്. ക്ഷേത്രാനുഷ്ഠാനങ്ങൾക്കും ആചാരങ്ങൾക്കും തടസ്സമു ാവാതെ ശബരിമല പരമാവധി ഭക്തസൗഹൃദമാക്കുകയെന്നതാണ് ലക്ഷ്യമെന്നും മുഖ്യമന്ത്രി പറഞ്ഞു.

(പി.ആർ. ശബരി 446)

## പാചകവസ്തുക്കൾ പമ്പയിൽ തടയും

ശബരിമല: മാളികപ്പുറത്തിന് സമീപമുള്ള വിരിവെയ്പ്പ് സംഘങ്ങളിൽ ആന്ധ്രാപ്രദേശിൽ നിന്നെത്തിയ തീർത്ഥാടകരിൽ നിന്നും പാചകവാതക സിലി റും സ്റ്റൗവും ഡ്യൂട്ടി മജിസ്ട്രേറ്റ് എസ് സന്തോഷ്കുമാറിന്റെ നേതൃത്വത്തിലുള്ള സംഘം ക ടുത്ത് പമ്പയിലേയ്ക്ക് മടക്കി അയച്ചു. പലവ്യഞ്ജനങ്ങളോ, പാചകസാമഗ്രഹികളോ കൈവശമു ായെന്ന് പരിശോധിച്ചശേഷമേ പമ്പയിൽനിന്ന് തീർത്ഥാടകരെ കയറ്റിവിടാവൂയെന്നും അദ്ദേഹം പോലീസിന് നിർദേശം നൽകി.

(പി.ആർ. ശബരി 447)

കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY 12 | 2018 |
|---|---|

**ശബരിമല പത്രക്കുറിപ്പ്-2**

മീഡിയ സെന്റർ ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidanam2018@gmail.com

---

## തിരുവാഭരണ ഘോഷയാത്ര പന്തളത്ത് നിന്ന് ശബരിമലയ്ക്ക് പുറപ്പെട്ടു

ശബരിമല: മകരസംക്രമ സന്ധ്യയിൽ ശബരിമലയിലെ അയ്യപ്പ വിഗ്രഹത്തിൽ ചാർത്താനുള്ള തിരുവാഭരണങ്ങൾ വഹിച്ചുകൊ ുള്ള ഘോഷയാത്ര പന്തളം വലിയകോയിക്കൽ ക്ഷേത്രത്തിൽ നിന്ന് പുറപ്പെട്ടു. ഇന്നലെ ഉച്ചയ്ക്ക് ഒരു മണിയോടെ കൃഷ്ണപരുന്ത് ആകാശത്ത് വട്ടമിട്ട് പറന്നതോടെയാണ് തിരുവാഭരണ ഘോഷയാത്ര പുറപ്പെട്ടത്.

പരമ്പരാഗത കാനനപാതയിലൂടെ മൂന്നു ദിവസം കൊ ് തിരുവാഭരണങ്ങൾ ശബരിമലയിലെത്തിക്കും. ജനുവരി 14 ഞായറാഴ്ചയാണ് മകരവിളക്ക്. വൃശ്ചികം 1 മുതൽ സ്രാമ്പിക്കൽ കൊട്ടാരത്തിൽ ദർശനത്തിനു വച്ചിരുന്ന തിരുവാഭരണങ്ങൾ പന്തളം കൊട്ടാരം നിർവാഹക സമിതി ഭാരവാഹികളിൽ നിന്നും തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഭാരവാഹികൾ ഇന്നലെ പുലർച്ചെ നാലിന് ഏറ്റുവാങ്ങി ക്ഷേത്രത്തിലെത്തിച്ചു. 4.30 മുതൽ തിരുവാഭരണങ്ങൾ വലിയകോയിക്കൽ ശ്രീധർമ്മശാസ്താക്ഷേത്രസോപാനത്തിൽ ദർശനത്തിനു വച്ചു. തിരുവാഭരണങ്ങൾ വണങ്ങാൻ നാടിന്റെ നാനാ ഭാഗത്ത് നിന്നും പതിനായിരക്കണക്കിന് ഭക്തജനങ്ങൾ ക്ഷേത്രത്തിൽ എത്തി.

11ന് ക്ഷേത്രോപദേശക സമിതിയും ദേവസ്വം ബോർഡും ചേർന്ന് പന്തളം വലിയതമ്പുരാൻ രേവതിനാൾ പി.രാമവർമ്മരാജയെയും രാജപ്രതിനിധി പി. രാജരാജവർമ്മ യെയും സ്രാമ്പിക്കൽ കൊട്ടാരത്തിൽ നിന്നും ക്ഷേത്രത്തിലേക്ക് സ്വീകരിച്ച് ആനയിച്ചതോടെ ഘോഷയാത്രയ്ക്കുള്ള ആചാരപ്രകാരമുള്ള ചടങ്ങുകൾ ആരംഭിച്ചു. തുടർന്ന് 11.30ന് ഗുരുസ്വാമി കുളത്തിനാലിൽ ഗംഗാധരൻപിള്ളയുടെ നേതൃത്വത്തിലുള്ള തിരുവാഭരണപേടക വാഹക സംഘത്തെ മണികണ്ഠനാൽത്തറയിൽ നിന്നും സ്വീകരിച്ച് ക്ഷേത്രത്തിലേക്ക് ആനയിച്ചു. ഉച്ചയ്ക്ക് 12.15ന് സംഘത്തിന് വലിയ തമ്പുരാൻ വിഭൂതി നൽകി അനുഗ്രഹിച്ചതോടെ പ്രത്യേക പൂജകൾക്കായി ക്ഷേത്ര നട അടച്ചു.

12.45ന് ക്ഷേത്രമേൽശാന്തി വാരണംകോട്ടില്ലത്ത് ഇ. നാരായണൻ നമ്പൂതിരി പൂജിച്ച് വലിയ തമ്പുരാനു നൽകിയ ഉടവാൾ രാജപ്രതിനിധിക്ക് കൈമാറി. 12.55ന് മേൽശാന്തി പേടകത്തിന് നീരാഞ്ജനമുഴിഞ്ഞ് ചടങ്ങുകൾ പൂർത്തിയാക്കി. തുടർന്ന് രാജപ്രതിനിധി പല്ലക്കിലേറി യാത്ര തിരിച്ചു. ആകാശത്ത് ശ്രീകൃഷ്ണപ്പരുന്ത് ദൃശ്യമായതോടെ ഭക്തരുടെ ശരണംവിളികളുടെ നടുവിൽ ഘോഷയാത്ര പുറപ്പെട്ടു.
ഉച്ചയ്ക്ക് ഒരു മണിക്ക് ഗുരുസ്വാമി കുളത്തിനാലിൽ ഗംഗാധരൻ പിള്ള തിരുവാഭരണങ്ങളടങ്ങിയ പേടകം ശിരസിലേറ്റി ക്ഷേത്രത്തിന് പുറത്തെത്തി യാത്രയായി. കലശക്കുടവും വെള്ളിയാഭരണങ്ങളും അടങ്ങിയ കലശപ്പെട്ടിയുമായി മരുതമന ശിവൻപിള്ളയും ജീവതയും കൊടിയും അടങ്ങിയ കൊടിപ്പെട്ടിയുമായി കിഴക്കേത്തോട്ടത്തിൽ പ്രതാപചന്ദ്രൻ നായരും അനുഗമിച്ചു. ഇരുമുടിക്കെട്ടേന്തിയ ആയിരക്കണക്കിന് അയ്യപ്പന്മാരും ശരണം വിളികളുമായി ഘോഷയാത്രയെ അനുഗമിച്ചു. പത്തനംതിട്ട എ.ആർ. ക്യാമ്പിലെ അസി. കമാൻഡന്റ് വി. ശശിധരൻ നായരുടെ നേതൃത്വത്തിലുള്ള 30 അംഗ സായുധ പോലീസ് സേനയും ബോംബ് സ്ക്വാഡും സുരക്ഷയൊരുക്കി ഘോഷയാത്രയെ അനുഗമിച്ചു.

തിരുവാഭരണ ഘോഷയാത്രയ്ക്ക് ക്ഷേത്രത്തിനു മുൻപിൽ ദേവസ്വംബോർഡ്, കൊട്ടാരം നിർവാഹകസംഘം, ക്ഷേത്ര ഉപദേശകസമിതിയും പ്രധാന കവാടത്തിന്റെ മുൻപിൽ പന്തളം നഗരസഭയും, മണികണ്ഠൻ ആൽത്തറയിൽ അയ്യപ്പസേവാ സംഘവും, എം സി റോഡിനു സമീപം അയ്യപ്പസേവാ സമാജവും, വലിയപാലത്തിനു സമീപം കുളനട ഗ്രാമപഞ്ചായത്തും സ്വീകരണം നൽകി. ഘോഷയാത്ര ക്ഷേത്രം വലം വച്ച് മേടക്കല്ല് വഴി മണികണ്ഠൻ ആൽത്തറയിലെക്ക് നീങ്ങി. രാജപ്രതിനിധി പല്ലക്കിൽ തിരുവാഭരണ ഘോഷയാത്രക്ക് മുന്നേ ഗമിച്ചു. തുടർന്ന് പരമ്പരാഗത രാജവീഥിയിലൂടെ ഘോഷയാത്ര കൈപ്പുഴ കൊട്ടാരത്തിൽ എത്തി. രാജപ്രതിനിധി കൊട്ടാരനടയിൽ ഉടവാളും പരിചയും വച്ചശേഷം വലിയ തമ്പുരാട്ടി മകം നാൾ തന്വംഗി തമ്പുരാട്ടിയിൽ നിന്ന് ഭസ്മക്കുറി സ്വീകരിച്ച് അനുഗ്രഹം തേടി യാത്ര തുടർന്നു. പന്തളം കൊട്ടാരം നിർവാഹക സംഘം പ്രസിഡന്റ് പി.ജി.ശശികുമാർ വർമ, സെക്രട്ടറി പി.എൻ.നാരായണ വർമ എന്നിവർ ചടങ്ങുകൾക്ക് നേതൃത്വം നൽകി.
ജില്ലാ കളക്ടർ ആർ.ഗിരിജ, ജില്ലാ പോലീസ് മേധാവി ഡോ സതീഷ് ബിനോ, ദേവസ്വം ബോർഡ് പ്രസിഡന്റ് എ.പത്മകുമാർ, അംഗങ്ങളായ കെ പി ശങ്കരദാസ്, കെ.രാഘവൻ, ദേവസ്വം കമ്മീഷണർ രാമരാജപ്രേമപ്രസാദ്,

ദേവസ്വം സെക്രട്ടറി ജയശ്രീ, ഡെ. കമ്മീഷണർ അശോക് കുമാർ, അസി. കമ്മീഷണർ രാജീവ് കുമാർ, തിരുവാഭരണം സ്പെഷൽ ഓഫീസർ എസ്. അജിത് കുമാർ, വിജിലൻസ് ഓഫീസർ എൻ. അജയകുമാർ, അസി. സ് പെഷൽ ഓഫീസർമാരായ ജെ. ജയപ്രകാശ്, ജി. അരുൺകുമാർ, അയ്യപ്പസേവാ സംഘം അഖിലേന്ത്യാ വൈസ് പ്രസിഡന്റ് ഡി. വിജയകുമാർ, സിനിമാ സംവിധായകൻ മേജർ രവി, താരങ്ങളായ മനോജ് കെ ജയൻ, ബാല, ശോഭാമോഹൻ, സംഗീത സംവിധായകൻ കൈതപ്രം വിശ്വനാഥൻ നമ്പൂതിരി, ഫുട്ബോൾ താരം ഐ എം വിജയൻ, മുൻ എംഎൽഎമാരായ മാലേത്ത് സരളാദേവി, കെ കെ ഷാജു തുടങ്ങിയവർ സന്നിഹിതരായിരുന്നു.

ഘോഷയാത്ര കൈപ്പുഴ ക്ഷേത്രം ചുറ്റി കുളനട വഴി ഉള്ളന്നൂർ, ആറന്മുള, ചെറുകോൽപ്പുഴ എന്നിവിടങ്ങളിലൂടെ അയിരൂർ പുതിയകാവ് ക്ഷേത്രത്തിലെത്തി രാത്രി വിശ്രമിച്ചു. ഇന്ന് (13) കോട്ടമൺകാവ് ഭഗവതി ക്ഷേത്രം, പേരൂർചാൽ, റാന്നി ആൽത്തറ മുക്ക്, വടശേരിക്കര മണ്ഡപം, പ്രയാർ ക്ഷേത്രം, മാടമൺ ക്ഷേത്രം, പൂവത്തുംമൂട്, പെരുനാട്, ളാഹതേവർ ക്ഷേത്രം വഴി ളാഹ വനം വകുപ്പ് സത്രത്തിലെത്തി വിശ്രമിക്കും. മകരവിളക്ക് ദിവസമായ ഞായറാഴ്ച പ്ലാപ്പള്ളി, നാറാണംതോട്, നിലയ്ക്കൽ ക്ഷേത്രം, വലിയാനവട്ടം, പാ ിത്താവളം, നീലിമല, അപ്പാച്ചിമേട്, ശബരിപീഠം എന്നിവിടങ്ങളിലൂടെ ഘോഷയാത്ര ശരംകുത്തിയിലെത്തുമ്പോൾ ദേവസ്വം ബോർഡ് അധികൃതർ ചേർന്ന് സ്വീകരണം നല്കും. പിന്നീട് പതിനെട്ടാം പടിക്കു താഴെയെത്തിക്കുന്ന പേടകങ്ങളിൽ പ്രധാന പെട്ടി സന്നിധാനത്തേക്കും മറ്റു ര ു പെട്ടികൾ മാളികപ്പുറത്തേക്കും കൊ ുപോകും. തുടർന്ന് തന്ത്രിയും മേൽശാന്തിയും ചേർന്ന് പെട്ടി ഏറ്റുവാങ്ങി നടയടച്ച് തിരുവാഭരണം ചാർത്തി ദീപാരാധന നടത്തുമ്പോഴാണ് പൊന്നമ്പലമേട്ടിൽ മകരജ്യോതി തെളിയുന്നത്.

(പി.ആർ. ശബരി 448)

## നാരായണൻകുട്ടിയ്ക്ക് മലകയറിയ നിർവൃതിയും മുഴനീങ്ങിയ സന്തോഷവും

ശബരിമല: ശാരീരിക അസ്വസ്ഥതകൾ കണക്കിലെടുക്കാതെ മണ്ണാർക്കാട് നിന്നും നടക്കുവാൻ തുടങ്ങുമ്പോൾ നാരായണൻകുട്ടി(57)യ്ക്ക് ലക്ഷ്യം പതി നെട്ടാംപടി ചവിട്ടണം, സ്വാമിയെ തൊഴണം എന്ന് മാത്രമായിരുന്നു. എന്നാൽ ദർശനം പൂർത്തിയാക്കിയ നാരായണൻകുട്ടിയ്ക്ക് പുറത്തെ മുഴയുടെ വേദന തീവ്രമായി. സന്നിധാനം എൻ.എച്ച്.എം. ആരോഗ്യകേന്ദ്രത്തിന്റെ പുതിയ ഓ പ്പറേഷൻ തീയറ്ററിൽ ശസ്ത്രക്രിയയ്ക്ക് വിധേയനായി ചരിത്രമാകുവാനായി രുന്നു നാരായണൻകുട്ടിയുടെ നിയോഗം. ദീർഘനാളായി അലട്ടിയിരുന്ന മുഴ നോഡൽ ഓഫീസർ ഡോ. സുരേഷ്ബാബുവിന്റെ നേതൃത്വത്തിലുള്ള സം ഘം ശസ്ത്രക്രിയ ചെയ്ത് നീക്കി. സന്നിധാനം ആശുപത്രിയിലെ ഓപ്പറേഷൻ തീയറ്ററിൽ നടന്ന ആദ്യ ശസ്ത്രക്രിയയായിരുന്നു ഇത്.

ഒറ്റപ്പാലം താലൂക്ക് ആശുപത്രിയെ ഡോ. പ്രവീൺ, തിരുവല്ല താലൂക്ക് ആ ശുപത്രിയിലെ ഡോ. സുഭാഷ്, നിലമ്പൂർ താലൂക്ക് ആശുപത്രിയിലെ ഡോ.

വിനായക് എന്നിവരുടെ സംഘം ഒരുമണിക്കൂറിലേറെ സമയമെടുത്താണ് ശസ്ത്രക്രിയ വിജയകരമായി പൂർത്തിയാക്കിയത്. ഒരുദിവസത്തെ ശസ്ത്രക്രിയാനന്തര നിരീക്ഷണത്തിനുശേഷം പടി ചവിട്ടിയ നിർവൃതിയും വേദനമാറിയ സന്തോഷവുമായാണ് നാരായണൻകുട്ടിയും സംഘവും മലയിറങ്ങിയത്.

(പി.ആർ. ശബരി 449)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY 12 | 2018 |
|---|---|

## ശബരിമല പത്രക്കുറിപ്പ്-3


മീഡിയ സെന്റർ ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidanam2018@gmail.com


## ആധ്യാത്മിക പ്രഭാഷണവുമായി പതിനഞ്ചുകാരൻ

ശബരിമല: സ്വാമി വിവേകാനന്ദന്റെ ജന്മവാർഷികത്തോടനുബന്ധിച്ച് സന്നിധാനത്ത് മാസ്റ്റർ സി എ ഭരത്ചന്ദ്രൻ ആധ്യാത്മിക പ്രഭാഷണം നടത്തി. ഭാരതസംസ്ക്കാരം എന്ന വിഷയത്തിലൂന്നിയാണ് സന്നിധാനം ശ്രീധർമ്മശാസ്താ ഓഡിറ്റോറിയത്തിൽ ഭരത്ചന്ദ്രൻ പ്രഭാഷണം നടത്തിയത്. തിരുവനന്തപുരം കാരക്കോണം സ്വദേശിയാണ് പത്താംക്ലാസ് വിദ്യാർത്ഥിയായ ഭരത്ചന്ദ്രൻ. സന്നിധാനത്ത് പ്രഭാഷണം നടത്തുന്നത് ഇത് ര ാംതവണയാണ്. എട്ടാമത്തെ വയസിൽ ആധ്യാത്മിക-സാംസ്ക്കാരിക പ്രഭാഷണങ്ങൾ ആരംഭിച്ച ഭരത്ചന്ദ്രൻ സംസ്ഥാനത്തിനകത്തും പുറത്തും 800ൽപ്പരം വേദികളിൽ പ്രഭാഷണപരിപാടികൾ നടത്തി ആദരവ് നേടിയിട്ടു ്. അയ്യപ്പ മാഹാത്മ്യം, ശ്രീമത് ഭഗവത്ഗീത, രാമായണമാഹാത്മ്യം. സ്കന്ദപുരാണം, ദേവീമാഹാത്മ്യം തുടങ്ങി വിവിധവിഷയങ്ങളിൽ നടത്തുന്ന പ്രഭാഷണങ്ങൾ പണ്ഡിതരുൾപ്പടെ നിരവധിപേരുടെ അഭിനന്ദനങ്ങൾ ഭരത്ചന്ദ്രന് നേടിക്കൊടുത്തിട്ടു ്.

(പി.ആർ. ശബരി 450)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.